# എ.കെ പാർട്ടിക്ക് വൻഭൂരിപക്ഷം ലഭിക്കുമെന്ന്

**തു**ർക്കിയിൽ വരുന്ന ജൂൺ 12-ന് നടക്കാനിരിക്കുന്ന പാർലമെന്റ് തെരഞ്ഞെടുപ്പിൽ ഭരണകക്ഷിയായ ജസ്റ്റിസ് ആന്റ് ഡവലപ്മെന്റ് പാർട്ടി വൻഭൂരിപക്ഷത്തോടെ മൂന്നാം തവണയും അധികാരത്തിലേറുമെന്ന് വിവിധ അഭിപ്രായ സർവെകൾ. പുതിയ ഭരണഘടന വേണമെന്ന പ്രധാനമന്ത്രി റജബ് ഉർദുഗാന്റെ നിലപാടിനെ അഭിപ്രായസർവെകളിൽ പങ്കെടുത്ത 69 ശതമാനം പേർ അനുകൂലിച്ചു. 22 ശതമാനം എതിർത്തു.

മെട്രോപോൾ കമ്പനി നടത്തിയ അഭിപ്രായ സർവെയിൽ, ഹിജാബ് ധാരിണികൾക്കും സ്ഥാനാർഥിയാകാമെന്ന് 87.5 ശതമാനം വിധിയെഴുതിയപ്പോൾ, 17 ശതമാനം പേരേ എതിർത്തുള്ളൂ. ജനങ്ങളുടെ ഈ നിലപാട് മാറ്റം മതവിരുദ്ധകക്ഷികളെ അമ്പരപ്പിച്ചിരിക്കുകയാണ്. ഇസ്‌ലാമികാശയങ്ങൾ വേരൂന്നുന്നതിന്റെയും മതസ്വാതന്ത്ര്യം അംഗീകരിക്കുന്നതിന്റെയും അടയാളമായി ഈ മാറ്റത്തെ വിലയിരുത്താം. ഹിജാബ് ധാരിണികൾക്ക് പാർലമെന്റ് അംഗങ്ങളാകാൻ ഇപ്പോഴും തടസ്സമുള്ളതുകൊണ്ട് എ.കെ പാർട്ടി വരെ ഹിജാബ് ധാരിണികളെ സ്ഥാനാർഥികളാക്കിയിട്ടില്ല.

തുർക്കിയിൽ ഏറ്റവും ജനപ്രീതിയുള്ള നേതാവ് ഉർദുഗാൻ തന്നെയെന്ന് സർവെകൾ വ്യക്തമാക്കുന്നു. 49 ശതമാനം അദ്ദേഹത്തെ പിന്തുണച്ചു. 2007ലെ തെരഞ്ഞെടുപ്പിന് മുമ്പുള്ളതിനേക്കാൾ രണ്ട് ശതമാനം കൂടുതലാണിത്. 47.5 ശതമാനം പാർലമെന്റ് സീറ്റുകളും എ.കെ പാർട്ടി നേടുമെന്നാണ് സൂചന. തെരഞ്ഞെടുപ്പ് അടുക്കും തോറും ജനപ്രീതി വർധിച്ച് വരുന്ന ഏക പാർട്ടിയായതു കൊണ്ട് അത് 50 ശതമാനത്തിൽ എത്തിയേക്കാനും സാധ്യതയുണ്ട്.

## ജോർദാൻ ജി.സി.സിയിലേക്ക്

**ഗൾഫ്** സഹകരണ കൗൺസിൽ (ജി.സി.സി) അംഗത്വത്തിന് വേണ്ടിയുള്ള ജോർദാന്റെ ശ്രമങ്ങൾ ഫലപ്രാപ്തിയിലേക്ക്. സുഊദി അറേബ്യ, ബഹ്റൈൻ, കുവൈത്ത്, ഒമാൻ, ഖത്തർ, യു.എ.ഇ എന്നീ ആറ് രാഷ്ട്രങ്ങളാണ് നിലവിൽ ജി.സി.സി അംഗങ്ങൾ. ഇവയിൽ ഖത്തർ ഉൾപ്പെടെ ചില അംഗരാജ്യങ്ങളുമായുള്ള തർക്കങ്ങൾ പരിഹരിക്കാൻ തിരക്കിട്ട ഉഭയകക്ഷി ചർച്ചകൾ നടത്തിവരികയാണ് ജോർദാൻ.

അറബ്‌ലോകത്തെ സ്വാതന്ത്ര്യ പ്രക്ഷോഭങ്ങളുടെ പശ്ചാത്തലത്തിലാണ് ജോർദാനെ ഉൾപ്പെടുത്താനുള്ള ചർച്ചക്ക് തുടക്കം കുറിച്ചത്. ജി.സി.സി രാഷ്ട്രങ്ങളുടെ ആഭ്യന്തര സുരക്ഷ ഉറപ്പാക്കാനുള്ള നീക്കമായി ഇതിനെ രാഷ്ട്രീയ നിരീക്ഷകർ കരുതുന്നു. ബഹ്റൈനിൽ ഇറാൻ നടത്തിയ ഇടപെടലുകളും ഈ നീക്കത്തിന് കാരണമായിട്ടുണ്ട്. മേഖലയിൽ മികച്ച സൈനിക പരിശീലനം സിദ്ധിച്ച സുരക്ഷാ സേനയാണ് ജോർദാന്റേത്. മൊറോക്കോക്ക് കൂടി അംഗത്വം നൽകാൻ ജി.സി.സി ആലോചിക്കുന്നുണ്ട്. വ്യാപകമായ ജനകീയ പ്രക്ഷോഭങ്ങളെ അഭിമുഖീകരിക്കുന്ന ഇരു രാഷ്ട്രങ്ങളിലെയും ഭരണാധികാരികൾക്ക് ജി.സി.സി അംഗത്വം പിടിവള്ളി ആയേക്കും.

ജി.സി.സി വിപുലീകരിക്കണമെന്ന് നേരത്തെ ആവശ്യമുയർന്നിരുന്നുവെങ്കിലും അത് അംഗീകരിക്കപ്പെടുകയുണ്ടായില്ല. ജി.സി.സി രാഷ്ട്രങ്ങളോട് ചേർന്ന് കിടക്കുന്ന ഇറാഖിന്റെയും യമന്റെയും അംഗത്വ അപേക്ഷകൾ തള്ളപ്പെടുകയാണുണ്ടായത്.



# ശരീഅത്ത് അടിച്ചേൽപിക്കില്ലെന്ന് ഫ്രീഡം ആന്റ് ജസ്റ്റിസ് പാർട്ടി

**ശരീഅത്ത്** അടിച്ചേൽപിക്കാൻ ശ്രമിക്കില്ലെന്ന് ഇഖ്‌വാനുൽ മുസ്‌ലിമൂന്റെ ആശീർവാദത്തോടെ ഈജിപ്തിൽ പുതുതായി രൂപം കൊണ്ട ഫ്രീഡം ആന്റ് ജസ്റ്റിസ് പാർട്ടി വ്യക്തമാക്കി. "വരുന്ന സെപ്റ്റംബറിൽ നടക്കാനിരിക്കുന്ന തെരഞ്ഞെടുപ്പിൽ വ്യത്യസ്തതകളെ ഉൾക്കൊള്ളുന്ന ഒരു പാർലമെന്റാണ് ഞങ്ങൾ ആഗ്രഹിക്കുന്നത്"- പാർട്ടി പ്രസിഡന്റ് മുഹമ്മദ് മർസി പറഞ്ഞു. "ലിബറൽ ചിന്താഗതിക്കാർ ഇസ്‌ലാമിക ശരീഅത്തുമായി ബന്ധപ്പെടുത്തി വലിയ ഒച്ചപ്പാടുകൾ ഉണ്ടാക്കുന്നുണ്ട്. നിയമനിർമാണത്തിന്റെ അടിസ്ഥാനം ശരീഅത്തായിരിക്കുമെന്ന് നിലവിലുള്ള ഭരണഘടനയിൽ തന്നെ ഉള്ളതാണ്. സർവ മനുഷ്യരുടെയും അവകാശങ്ങൾക്ക് വേണ്ടി നിലകൊള്ളുന്ന ഇസ്‌ലാമിക ശരീഅത്തിനെക്കുറിച്ച് ഇങ്ങനെ ഭീതി പരത്തുന്നതെന്തിന്?" അദ്ദേഹം ചോദിച്ചു.

പുതിയ പാർട്ടി ലക്ഷ്യമിടുന്നത് നീതിയിലധിഷ്ഠിതമായ ഒരു ബഹുസ്വര സിവിൽ സമൂഹത്തെയാണെന്നും ക്രിസ്ത്യൻ ന്യൂനപക്ഷത്തിന് ഇക്കാര്യത്തിൽ ഒട്ടും ആശങ്ക വേണ്ടെന്നും മുഹമ്മദ് മർസി പറഞ്ഞു. "നൂറിലധികം ക്രൈസ്തവർ പുതിയ പാർട്ടിയിൽ അംഗത്വമെടുത്തിട്ടുണ്ട്. പാർട്ടി വൈസ് പ്രസിഡന്റ് കൂടിയായ റഫീഖ് ഹബീബും അവരിൽ ഉൾപ്പെടും."

പ്രസിഡന്റ് സ്ഥാനത്തേക്ക് ഇത്തവണ സ്ഥാനാർഥിയെ നിർത്തേണ്ടതില്ലെന്നാണ് പാർട്ടിയുടെ തീരുമാനം. അതേസമയം പാർലമെന്റിൽ 49 ശതമാനം സീറ്റുകളിൽ വരെ മത്സരിച്ചേക്കാമെന്നും സൂചനയുണ്ട്. നേരത്തെ, പാർലമെന്റിൽ മൂന്നിലൊന്ന് സീറ്റുകളിലേ തങ്ങൾ മത്സരിക്കൂ എന്ന് ഫ്രീഡം ആന്റ് ജസ്റ്റിസ് പാർട്ടി വ്യക്തമാക്കിയിരുന്നു.

# നബീൽ അറബി
## അറബ് ലീഗ് സെക്രട്ടറി ജനറൽ

**ഈജിപ്ഷ്യൻ** വിദേശകാര്യമന്ത്രി നബീൽ അറബിയാണ് അറബ് ലീഗിന്റെ പുതിയ സെക്രട്ടറി ജനറൽ. ഈജിപ്തുകാരൻ തന്നെയായ അംറ് മൂസയുടെ പിൻഗാമിയാണ് നബീൽ. രണ്ട് തവണ തെരഞ്ഞെടുക്കപ്പെട്ട അംറ് മൂസ പത്തു വർഷം അറബ് ലീഗിന്റെ സെക്രട്ടറി ജനറലായിരുന്നിട്ടുണ്ട്.



സെക്രട്ടറി സ്ഥാനത്തേക്ക് ആദ്യം ഈജിപ്ത് നിർദേശിച്ചിരുന്നത് മുസ്ത്വഫൽ ഫഖീയെയായിരുന്നു. പിന്നീടത് പിൻവലിച്ചു. ഖത്തറിലെ അബ്ദുർറഹ്മാൻ അത്വിയ്യ അവസാന നിമിഷം വരെ മത്സര രംഗത്തുണ്ടായിരുന്നെങ്കിലും ഒടുവിൽ പിൻവാങ്ങിയതാണ് നബീൽ ഐകകണ്ഠ്യേന തെരഞ്ഞെടുക്കപ്പെടാൻ ഇടയാക്കിയത്. അറബ് ലോകം ഏറ്റവും പ്രതിസന്ധി നിറഞ്ഞ ഘട്ടത്തിലൂടെ കടന്നുപോകുന്ന സന്ദർഭത്തിൽ തനിക്ക് മേൽ വന്നുചേരുന്ന ഉത്തരവാദിത്വം കനത്തതാണെന്ന് നബീൽ പറഞ്ഞു.



# ഗസ്സയെ സഹായിക്കാൻ വീണ്ടും കപ്പൽ വ്യൂഹം

തുർക്കിയിലെയും മറ്റു രാഷ്ട്രങ്ങളിലെയും 22 മനുഷ്യാവകാശ സംഘടനകൾ ഉപരോധിക്കപ്പെട്ട ഗസ്സയിലേക്ക് കടൽ വഴി സഹായമെത്തിക്കുന്നതിന് വീണ്ടും കച്ച മുറുക്കുന്നു. തുർക്കിയിൽനിന്നും 100 മുസ്‌ലിം പാശ്ചാത്യ നാടുകളിൽ നിന്നുമായി 1500 ആക്ടിവിസ്റ്റുകളാണ് 'ഫ്രീഡം കാരവൻ' എന്ന് പേരിട്ടിരിക്കുന്ന കപ്പൽ വ്യൂഹത്തിൽ ഉണ്ടാവുക.

ഭക്ഷണവും മരുന്നും വൈദ്യസഹായവും നിഷേധിച്ചു കൊണ്ട് ഇസ്രയേൽ 2007 മുതൽ ഗസ്സയെ ഉപരോധിച്ചിരിക്കുകയാണ്. ഈ ഉപരോധം മറികടക്കുന്നതിന് 2010 മെയിൽ തുർക്കിയുടെ തന്നെ നേതൃത്വത്തിൽ പുറപ്പെട്ട കപ്പൽ വ്യൂഹത്തെ ഇസ്രയേൽ സേന ആക്രമിച്ചിരുന്നു. ആക്രമണത്തിൽ 9 മനുഷ്യാവകാശ പ്രവർത്തകർ കൊല്ലപ്പെട്ടു; നിരവധി പേർക്ക് പരിക്കേറ്റു. അന്ന് ഇസ്രയേൽ പിടിച്ചെടുത്ത മർമറ എന്ന കപ്പൽ പുതിയ സംരംഭത്തിലും പങ്കാളിയാവുമെന്ന് സംഘാടകർ അറിയിച്ചു.